## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3190 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കൊച്ചി നഗരസഭയിൽ മാലിന്യനീക്കം നടത്തുന്ന വാഹനങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കൊച്ചി നഗരസഭയ്ക്ക് മാലിന്യനീക്കം നടത്തുന്നതിന് എത്ര വാഹനങ്ങൾ സ്വന്തമായുണ്ട്; ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്; | (എ) | മാലിന്യനീക്കം നടത്തുന്നതിനായി 23 ടിപ്പർ ലോറികളും 10 റഫ്യൂസ് കോംപാക്ടറുകളും നഗരസഭയ്ക്ക് സ്വന്തമായുണ്ട്. നിലവിൽ 7 ടിപ്പർ ലോറികളും 3 റഫ്യൂസ് കോംപാക്ടറുകളും പ്രവർത്തനക്ഷമമാണ്. |
| (ബി) | മാലിന്യം നീക്കം ചെയ്യുന്നതിനായി എത്ര വാഹനങ്ങളാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്; ഇതിനായി 2015-2016 വർഷത്തിലും 2016-17 വർഷത്തിലും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ദിവസവും ശരാശരി 35 ഓളം ടിപ്പർ ലോറികൾ മാലിന്യം നീക്കം ചെയ്യുന്നതിനായി വാടകയ്ക്ക് എടുത്തിട്ടുണ്ട്. 2015-16 വർഷത്തിൽ 3,31,78,417/- രൂപയും 2016-17 ഇതുവരെ 3,95,07,799/- രൂപയും വാടക ഇനത്തിൽ ചിലവായിട്ടുണ്ട്. |
| (സി) | എത്ര ടൺ മാലിന്യമാണ് പ്രതിവർഷം വാഹനങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രതിവർഷം ശരാശരി 72,000 ടൺ മാലിന്യം ഇത്തരത്തിൽ നീക്കം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ